## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 723 — 28/09/2011 ൽ മറുപടിയ്ക്ക്

### ഇടുക്കി ജില്ലാ ആയുർവേദ ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | | ശ്രീ. അടൂർ പ്രകാശ് (ബഹു.ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | ഇടുക്കി നിയോജകമണ്ഡലത്തിലെ പാറേമാവിൽ പ്രവർത്തിക്കുന്ന ഇടുക്കി ജില്ലാ ആയുർവേദ ആശുപത്രി അനക്സും തൊടുപുഴയിൽ പ്രവർത്തിക്കുന്ന ഇടുക്കി ജില്ലാ ആശുപത്രിയും തമ്മിലുള്ള അകലം എത്ര; | (എ) | 61 കിലോമീറ്റർ |
| (ബി) | പാറേമാവിൽ പ്രവർത്തിക്കുന്ന ഇടുക്കി ജില്ലാ ആയുർവേദ ആശുപത്രി (അനക്സ്) എന്നാണ് സ്ഥാപിതമായത്; പ്രസ്തുത ആശുപത്രി സ്ഥിതി ചെയ്യുന്നത് ഏതു കെട്ടിടത്തിലാണ്; | (ബി) | 1982 - ലാണ് ആശുപത്രി പാറേമാവിൽ ഇപ്പോഴുള്ള കെട്ടിടത്തിൽ സ്ഥാപിതമായത്. ഇടുക്കി ഡാം നിർമ്മാണ വേളയിൽ തൊഴിലാളികൾക്ക് താമസിക്കുന്നതിനായി താത്ക്കാലികമായി നിർമ്മിച്ച കെട്ടിടത്തിലാണ് ആശുപത്രി കെട്ടിടം പ്രധാനമായും പ്രവർത്തിക്കുന്നത്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ (ജില്ലാ ആശുപത്രി അനക്സ്) പ്രതിദിനം ഐ.പി., ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികൾ എത്ര; | (സി) | ശരാശരി<br>ഐ.പി. - 55<br>ഒ.പി. - 150 |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ ഐ.പി. വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമാണോ; വിശദാംശങ്ങൾ നൽകുമോ; | (ഡി) | നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമല്ല. 30 കിടക്കകളുള്ള ആശുപത്രിയാണെങ്കിലും രോഗികളുടെ ബാഹുല്യം മൂലം പലപ്പോഴും 50 മുതൽ 60 വരെ രോഗികളെ അഡ്മിറ്റ് ചെയ്യാറുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്നും വിദേശരാജ്യ |

| | | |
|---|---|---|
| | | നിന്നും രോഗികൾ ചികിത്സ യ്ക്ക് എത്തുന്നുണ്ട്. ഇവർക്ക് ആവശ്യമായ സൗകര്യങ്ങ ളുടെ അപര്യാപ്തത ഉണ്ട്. |
| (ഇ) | പ്രസ്തുത ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് 50 കിടക്കകൾ ക്കുള്ള സൗകര്യം ഏർപ്പെടു ത്താൻ നടപടി സ്വീകരിക്കുമോ; | (ഇ),(എഫ്) &(ജി)<br><br>ഇതു സംബന്ധിച്ച് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസ റുടെ പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പ് മുഖേന 26/09/2011-ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. അത് സർക്കാർ പരിഗണനയിലാണ്. |
| (എഫ്) | ഇതു സംബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പ് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | |
| (ജി) | ഇടുക്കി ജില്ലാ ആയുർവേദ ആശുപത്രി (അനക്സ്) തേടി യെത്തുന്ന രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ